Malayalam

Labour Market Regulatory Authority

# തൊഴിൽവിപണി നിയന്ത്രണ അധികാരി (LMRA)

# വിദേശതൊഴിലാളികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

Version 5.0

### വിദേശത്തൊഴിലാളികൾക്ക് LMRA നൽകുന്ന സേവനങ്ങൾ

- തൊഴിൽ വിസ നൽകലും തൊഴിൽവിസ പുതുക്കലും.
- തൊഴിൽമാറ്റം.
- തൊഴിലാളിക്കും കുടുംബത്തിനും ബന്ധപ്പെട്ട സമിതികളുമായി സഹകരിച്ച് പ്രവേശനവിസ, താമസത്തിനുള്ള അനുമതി, മൾട്ടിപ്പൾ എൻട്രി, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുക.
- ആരോഗ്യമന്ത്രാലയവുമായി സഹകരിച്ച് മെഡിക്കൽ പരിശോധനകൾ അനുവദിക്കുക.
- പ്രവാസി സംരക്ഷണ കേന്ദ്രം https://www.lmra.gov.bh/en/page/show/506
- 24/7 പ്രവാസി സംരക്ഷണ കോ ടാകറ്റ് സെനറ് 995

### പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

**നിങ്ങളുടെ രാജ്യം വിടുന്നതിനു മുമ്പ്:**

1. http://portal.lmra.gov.bh/english/express_services മുഖാന്തിരം LMRA യുടെ വെബ്സൈറ്റായ (www.lmra.gov.bh) ൽ തക്ക സ്ഥാനത്ത് നിങ്ങളുടെ വിസ നമ്പർ ചേർത്ത് നിങ്ങളുടെ തൊഴിൽ വിസയുടെ നിയമ പ്രാബല്യം പരിശോധിക്കുക.
   - നിങ്ങൾ മുമ്പ് ബഹ്റിനിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളെ നിയമിക്ക... പഴയ തിരിച്ചറിയൽ കാർഡ് ദയവായി നിങ്ങളുടെ തൊഴിൽ ദാതാവിന് കൈ...




2. താഴെപ്പറയുന്ന പ്രമാണങ്ങൾ നിങ്ങളുടെ കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുക.
   - ആറ് മാസത്തിലധികം പ്രാബല്യമുണ്ടായിരിക്കേണ്ട നിങ്ങളുടെ പാസ്പോർട്ടിന്റെ 2 പകർപ്പുകൾ.
   - LMRA തൊഴിൽ വിസയുടെ പകർപ്പ്.
   - തൊഴിൽ ഉടമ്പടിയുടെ പകർപ്പ്.
   - ഡ്രൈവിങ്ങ് ലൈസൻസ് ഉണ്ടെങ്കിൽ അത്.
   - ഡിഗ്രിയും യോഗ്യതാ സർട്ടിഫിക്കറ്റുകളുമുകെണ്ടെങ്കിൽ അവ..
   - ഭാര്യയേയും കുട്ടികളെയു കൊണ്ടുവരാനുദ്ദേശിക്കുന്നുകെണ്ടെങ്കിൽ വിവാഹസർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. നിങ്ങളുടെ രാജ്യത്തുള്ള അംഗീകൃത ആരോഗ്യ പരിശോധനാകേന്ദ്രങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് അത് പ്രകാരം അംഗീകാരം ഉണ്ടെന്ന് ഉറപ്പുവരുത്തിയ കേന്ദ്രങ്ങളിൽ മാത്രമേ ആരോഗ്യപരിശോധന നടത്താവൂ. താഴെ കൊടുക്കുന്ന സൈറ്റ് സന്ദർശിച്ച് ലിസ്റ്റ് പരിശോധിക്കാം.
   http://portal.lmra.gov.bh/english/clinics/index

### നിങ്ങൾ ബഹ്റിൻ എയർപോർട്ടിൽ എത്തിയശേഷം:

LMRA കൗണ്ടറുകളിലേക്ക് നീങ്ങി നിങ്ങളുടെ തൊഴിൽ വിസയും പാസ്പോർട്ടും നൽകേണ്ടതും ബന്ധപ്പെട്ട സമിതികളുമായി സഹകരിച്ച് LMRA നിങ്ങൾക്ക് തിരിച്ചറിയൽ കാർഡ്, താമസത്തിനുള്ള അനുവാദം ഇവ ലഭിക്കുന്നതിനും ആരോഗ്യപരിശോധനകൾ നടത്തുന്നതിനുമുള്ള ഏർപ്പാടുകളും ചെയ്യുന്നതുമാണ്. നിങ്ങൾ ആദ്യമായി ഈ രാജ്യത്ത് പ്രവേശിക്കുമ്പോൾ നിങ്ങളുടെ വിരലടയാളം, ഫോട്ടോ, ഒപ്പ് ഇവ ഘലങഞഅ യെ ഏൽപ്പിക്കുന്നതിനായി LMRA കൗണ്ടറിൽ കൊടുക്കുക. എയർപോർട്ടിൽ ഇത് സാധ്യമാകുന്നില്ലെങ്കിൽ പിന്നീട് ഒരു മാസത്തിനുള്ളിൽ LMRA ആസ്ഥാനം സന്ദർശിക്കേണ്ടതാണ്.

നിങ്ങൾ തൊഴിൽമാറ്റം ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള ഒരു അപേക്ഷ നിങ്ങളുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം പൂരിപ്പിച്ച് നൽകേണ്ടതാണ്.







**(നിങ്ങളുടെ പാസ്പോർട്ട് നിങ്ങളുടെ കൈവശം തന്നെ സൂക്ഷിക്കുക. നിങ്ങളുടെ തൊഴിൽദാതാവിന്റെ പക്കൽ നിങ്ങളുടെ പൂർണ്ണസമ്മതത്തോടും അനുവാദത്തോടും കൂടി സൂക്ഷിക്കാൻ ഏൽപ്പിക്കുന്നതൊഴികെ മറ്റാർക്കും അത് നൽകാൻ പാടില്ല.**

**പ്രധാന കുറിപ്പ് : നിങ്ങളുടെ കുടുംബത്തെ കൊണ്ടുവരികയാണെങ്കിൽ കൂടെക്കൊണ്ടുവരികയോ പിന്നീട് അവർ എത്തിച്ചേരുകയോ ആവാം. ഓരോ കുടുംബാംഗത്തിനും പ്രത്യേകം പാസ്പോർട്ട് ഉണ്ടായിരിക്കേണ്ടതാണ്)**

### ബഹ്റിൻ രാജ്യത്ത് എത്തിയശേഷം:

പിഴശിക്ഷകളും നിയമപ്രശ്നങ്ങളും ഒഴിവാക്കുന്നതിനോ തൊഴിൽവിസ റദ്ദാക്കുന്നതൊഴിവാക്കുന്നതിനോ പ്രസ്തുത രാജ്യത്ത് നിയമാനുസൃത താമസം സാധ്യമാകുന്നതിനോ ആയി താഴെപ്പറയുന്ന നടപടികൾ ദയവായി പാലിക്കുക.

1. തൊഴിൽവിസ പ്രകാരം നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ജോലിയല്ലാതെ മറ്റൊരു ജോലിയും ചെയ്യാതിരിക്കുക.
2. തൊഴിൽവിസയിൽ പറഞ്ഞിട്ടുള്ള സ്ഥലത്തോ അതേ തൊഴിൽദാതാവിന്റെ മറ്റു ശാഖകളിലോ അതിൽ പറഞ്ഞിട്ടുള്ള ജോലി മാത്രം ചെയ്യുക.
3. LMRA യുടെ പരിശോധനാ ഉദ്യാഗസ്ഥർ വിരലടയാളവും പ്രമാണങ്ങളും ഒത്തു നോക്കുന്നതിനായി ആവശ്യപ്പെടുമ്പോൾ അവരുമായി സഹകരിക്കുക.
4. തൊഴിൽ ഉടമ്പടിയിലെ വ്യവസ്ഥകൾ അതേപടി പാലിക്കുക.
5. തൊഴിൽ മാറ്റത്തിനായി നിങ്ങൾ നൽകുന്ന അപേക്ഷ നിങ്ങളുടെ വിസ പുതുക്കി നൽകുന്നതിന് നിങ്ങളുടെ തൊഴിൽദാതാവിന് തടസ്സമുണ്ടാക്കുന്നതാണ്.
6. വീണ്ടും തൊഴിൽ വിസയ്ക്കായോ തൊഴിൽ വിസ പുതുക്കുന്നതിനോ മറ്റൊരു തൊഴിൽദാതാവിന്റെ കീഴിലേക്കുള്ള മാറ്റത്തിനോ വേണ്ടിയോ യാതൊരു തുകയും നൽകാതിരിക്കുക.
7. ബഹ്റിൻ രാജ്യത്തെ എല്ലാ നിയമങ്ങളും അനുസരിക്കുകയും രാജ്യത്തിന്റെ പാരമ്പര്യത്തേയും സംസ്ക്കാരത്തേയും ആദരിക്കുകയും ചെയ്യുക.
8. തൊഴിൽദാതാവിന്റെ അനുവാദത്തോടുകൂടിയല്ലാതെയോ നിയമപരമല്ലാത്ത മറ്റേ തെങ്കിലും കാരണത്താലോ 15 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലിക്ക് ഹാജരാകാതിരിക്കാൻ പാടില്ല.
9. തൊഴിൽ ദാതാവുമായി ഏതെങ്കിലും തർക്കപ്രശ്നമുണ്ടായാൽ നീതിന്യായ ഇസ്ലാമിക നിയമമന്ത്രാലയത്തിന്റെ കീഴിലുള്ള ലേബർ കോർട്ടിലേക്ക് റഫർ ചെയ്യാവുന്നതാണ്.
10. നിങ്ങളുടെ തിരിച്ചറിയൽകാർഡിന്റെ നമ്പർ സഹിതം ഒരു സന്ദേശം മൊബൈൽ സർവ്വീസ് മുഖാന്തിരം ഇജണ ന് അയച്ചുകൊടുത്താൽ ഏത് സമയവും നിങ്ങളുടെ തൊഴിൽവിസയുടെ തൽസമയനിലവാരം നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.
    (CPRX XXXXXXXX to the following number Bateko 90168, Viva 98690 അല്ലെങ്കിൽ Zain 77070)

### എക്സ്പാറ്റ് പോർട്ടൽ

ഏത് സമയത്തും നിങ്ങളുടെ തൊഴിൽവിസയുടെ നിലവാരമറിയാനോ നിങ്ങളുടെ കുടുംബത്തെ സംബന്ധിച്ചോ ബന്ധപ്പെട്ട മറ്റേതെങ്കിലും വിവരങ്ങൾ അറിയാനോ നിങ്ങൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഈ സേവനം ലഭ്യമാക്കുന്നതിനായി നിങ്ങളുടെ CPR നമ്പരും പാസ്പോർട്ടിന്റെ കാലാവധി കഴിയുന്ന തീയതിയും സഹിതം https://services.lmra.gov.bh/expatportal/login യിൽ ബന്ധപ്പെടുക.

**(നിങ്ങൾ ഈ രാജ്യത്ത് എത്തിയശേഷം 30 ദിവസത്തിനുള്ളിൽ ആരോഗ്യപരിശോധന പൂർത്തിയാക്കിയതായി ഉറപ്പുവരുത്തുക)**



### മറ്റൊരു തൊഴിൽദാതാവിന്റെ കീഴിലേക്കുള്ള മാറ്റം

തൊഴിൽമാറ്റത്തെ നിയന്ത്രിക്കുന്ന 2009 ലെ 79-ാം നമ്പർ LMRA പ്രമേയത്തിലെ വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്ന രീതിയിൽ ഒരു തൊഴിലാളിക്ക് മറ്റൊരു തൊഴിൽ ദാതാവിന്റെ കീഴിലേക്ക് തൊഴിൽ മാറ്റുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

#### 1- തൊഴിൽദാതാവിന്റെ അനുമതിയില്ലാതുള്ള മാറ്റം

- തൊഴിൽമാറ്റത്തിനുള്ള നടപടി തുടങ്ങുന്നതിനു മുമ്പ് ഒരു വർഷം തികച്ചും അപ്പോഴത്തെ തൊഴിൽദാതാവിന്റെ കീഴിൽ പ്രവർത്തി പൂർത്തിയായിരിക്കേ ണ്ടതാണ്.
- തൊഴിൽമാറ്റത്തിനുള്ള നിങ്ങളുടെ ഉദ്ദേശ്യം തത്സമയ തൊഴിൽദാതാവിനെ നോട്ടീസ് മൂലം അറിയിക്കുകയും അപ്രകാരം നോട്ടീസ് അയച്ചതിന് പോസ്റ്റാഫീസിൽ നിന്നും ലഭിച്ച രസീത് തൊഴിൽ ഉടമ്പടിയിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്കകവും മൂന്ന് മാസത്തെ നോട്ടീസ് കാലാവധി പൂർത്തിയാകും വരെയും സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.
- അതിന്ശേഷം നിർദ്ദിഷ്ട തൊഴിൽദാതാവുമായി മാറ്റത്തിനുള്ള അപേക്ഷ സമർപ്പണവും LMRA യുടെ മാറ്റത്തിനുള്ള നിബന്ധനകളുമായി മുന്നോട്ട് പോകാവുന്നതാണ്.

#### 2 അനുമതിയോടുകൂടിയുള്ള തൊഴിൽമാറ്റം

- രണ്ടാമത്തെ തൊഴിൽദാതാവ് ആദ്യത്തെ തൊഴിൽദാതാവിന്റെ സഹകരണത്തോടുകൂടി തൊഴിലാളിയെ വിട്ടുകിട്ടുന്നതിനായി മാറ്റത്തിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് LMRA യ്ക്ക് അപേക്ഷ സമർപ്പിക്കുന്നു.
- LMRA സമ്പ്രദായത്തിൽ ആദ്യത്തെ തൊഴിൽദാതാവ് തൊഴിലാളിക്ക് മാറ്റം അനുവദിക്കുകയും രണ്ടാമത്തെ തൊഴിൽദാതാവ് ആവശ്യമായ ഫീസ് നൽകിയശേഷം മാറ്റം പ്രാബല്യത്തിൽ വരുത്തുകയും ചെയ്യും.

#### 3 തൊഴിൽവിസ കാലാവധി കഴിയുന്നതുമൂലമോ മറ്റു കാരണങ്ങളാലോ ഉള്ള മാറ്റം.

- തൊഴിൽവിസയുടെ കാലാവധി കഴിയുന്നതിന് മുമ്പ് 30 ദിവസത്തിനുള്ളിലോ നിങ്ങളുടെ തൊഴിൽ വിസ റദ്ദാക്കപ്പെടുമെന്ന് നിങ്ങളുടെ അറിവിൽപ്പെട്ട ശേഷം അഞ്ച് ദിവസത്തിനകമോ ഘലങഞഅ യിൽ നേരിട്ട് വന്ന് നിങ്ങളുടെ ഉദ്ദേശ്യം അവരെ അറിയിക്കേണ്ടതാണ്.
- തൊഴിൽമാറ്റപ്പെടുന്നതിനായി നിങ്ങൾക്ക് 30 ദിവസത്തെ സമയം അനുവദിക്കുന്നതും ഈ കാലയളവിനുള്ളിൽ യാതൊരു വിധമായ തൊഴിലും ഏറ്റെടുക്കുവാൻ നിങ്ങളെ അനുവദിക്കാത്തതുമാകുന്നു.

**ഞങ്ങളുമായി ബന്ധപ്പെടൽ:**

**LMRA യുമായുള്ള ആശയവിനിമയം നിങ്ങളുടെ മൊബൈൽ നമ്പരും ഈമെയിൽ നമ്പരും എക്സ്പാറ്റ് പോർട്ടൽ https://services.lmra.gov.bh/expatportal/login വഴിയോ LMRA യിലെ ഞങ്ങളുടെ കക്ഷികൾക്കുള്ള സേവനസ്ഥലം സന്ദർശിച്ചോ 17506055 എന്ന നമ്പരിലുള്ള കാൾസെന്റർ മുഖാന്തിരമോ അല്ലെങ്കിൽ എംബസി സന്ദർശിച്ചോ നിങ്ങൾക്ക് ചെയ്യാവുന്നതാണ്.**

**LMRA സേവനങ്ങളെപ്പറ്റി അറിയുന്നതിനായി http://portal.lmra.gov.bh/english/page/show/105. ലുള്ള LMRA വഴികാട്ടി സന്ദർശിക്കാവുന്നതാണ്.**

**കൂടുതൽ വിവരങ്ങൾക്കായി 17506055 എന്ന നമ്പരിൽ വിളിക്കുകയോ www.lmra.bh എന്ന സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.**

സ്ഥാനം | LMRA പ്രധാന ഓഫീസ് | പ്രവാസി സംരക്ഷണ കേന്ദ്രം

**www.lmra.gov.bh | കോൾ സെന്റർ: 17506055**

**താങ്കളുടെ ബഹ്റിനിലെ താമസം സന്തോഷകരമാണെന്ന് പ്രതീക്ഷീക്കുന്നു.**